"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വെള്ളിനേഴി ഗ്രാമപഞ്ചായത്ത് - ഡോ.കലാമണ്ഡലം രാമൻകുട്ടി നായരുടെ സ്മരണാർത്ഥം നിവാപം 2019 പുരസ്കാരത്തിനും ഗ്രാമകലാ പുരസ്കാരത്തിനും പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.1431/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 10/07/2019

---

പരാമർശം:- 1 വെള്ളിനേഴി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 08/02/2019 ലെ 6(1) നമ്പർ തീരുമാനം.

2 വെള്ളിനേഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 20/02/2019 ലെ എ 4849/15 നമ്പർ കത്ത്.

3 പഞ്ചായത്ത് ഡയറക്ടറുടെ 03/05/2019 ലെ PAN/5267/2019-G1(DP)നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ വെള്ളിനേഴി ഗ്രാമപഞ്ചായത്തിൽ അതുല്യ കഥകളി നടൻ പത്മഭൂഷൺ ഡോ.കലാമണ്ഡലം രാമൻകുട്ടി നായരുടെ ആറാം ചരമ വാർഷികാചരണം 2019 മാർച്ച് 11 ന് വെള്ളിനേഴി ഒളപ്പമണ്ണ മനയിൽ വച്ച് നടത്തിയ ഈ പരിപാടിയുടെ ഭാഗമായി കേരളത്തിലെ മികച്ച കഥകളി കലാകാരന് ഡോ.കലാമണ്ഡലം രാമൻകുട്ടി നായരുടെ സ്മരണാർത്ഥം നിവാപം 2019 എന്നപേരിൽ ഒരു പുരസ്കാരവും അതോടൊപ്പം വെള്ളിനേഴി ഗ്രാമപഞ്ചായത്തിലെ മികച്ച പ്രാദേശിക കലാകാരന് ഗ്രാമകലാ പുരസ്കാരവും വെള്ളിനേഴി ഗ്രാമ പഞ്ചായത്തിന്റെ വകയായി നൽകുന്നതിന് പരാമർശ (1) പ്രകാരം പഞ്ചായത്ത് ഭരണ സമിതി യോഗം തീരുമാനിക്കുകയും, 4 ലക്ഷത്തോളം ചെലവ് വരുന്ന പ്രസ്തുത പരിപാടിക്ക് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 50000/-(അൻപതിനായിരം) രൂപ ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം വെള്ളിനേഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയുമുണ്ടായി. പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യം ശുപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡോ.കലാമണ്ഡലം രാമൻകുട്ടി നായരുടെ സ്മരണാർത്ഥം നിവാപം 2019 പുരസ്കാരത്തിനും ഗ്രാമകലാ പുരസ്കാരത്തിനുമായി വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 50000/-(അൻപതിനായിരം) രൂപ ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**അനിഷ്.റ്റി**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

പ്രസിഡന്റ് / സെക്രട്ടറി, വെള്ളിനേഴി ഗ്രാമ പഞ്ചായത്ത്, കുളക്കാട് പി.ഒ, പാലക്കാട് – 679503.

ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ